**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആന്റി നക്സൽ ഫോഴ്സ്- സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **null**<br>**(മുഖ്യമന്ത്രി)** | |
| (എ) | കേരള പോലീസിന്റെ ആന്റി നക്സൽ ഫോഴ്സിലേക്ക് സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി വരുന്ന കേരള പോലീസിലെ വിഭാഗമാണ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്. ഇവർ കായികക്ഷമത പരീക്ഷകളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന യോഗ്യത നേടിയിരിക്കണം. കൂടാതെ സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് നടത്തുന്ന Anti-Left Wing Extremism പരിശീലനം വിജയകരമായി പൂർത്തിയാക്കണം . |
| (ബി) | സംസ്ഥാനത്തുടനീളം ഒരേ മാനദണ്ഡ പ്രകാരമാണോ ഈ സേനയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നത്; | (ബി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സേനാ രൂപീകരണത്തിന് മുമ്പ് നക്സലേറ്റുകളെ നേരിടുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച പോലീസ് സേനാംഗങ്ങൾക്ക് ഈ സേനയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിൽ മുൻഗണന നൽകുന്നുണ്ടോ; | (സി) | നിലവിൽ മുൻഗണന നൽകി വരുന്നില്ല. |
| (ഡി) | ആന്റി നക്സൽ ഫോഴ്സിലേക്ക് സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകമായി കായിക ക്ഷമതാ പരീക്ഷ നടത്തുന്നുണ്ടോ? എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണ്; വിശദമാക്കാമോ? | (ഡി) | സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ, മറ്റു ബറ്റാലിയനുകളിൽ നിന്നുള്ള ആന്റി നക്സൽ ഫോഴ്സിലെ സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി കായിക ക്ഷമത പരീക്ഷ നടത്തുന്നുണ്ട്. സ്വയേച്ഛപ്രകാരമാണ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിൽ ചേരേണ്ടത്. Run, Chin-up, Sit-up, Push-up, Vertical rope തുടങ്ങിയ ഇനങ്ങളിലാണ് യോഗ്യത നേടേണ്ടത്. |

സെക്ഷൻ ഓഫീസർ